നം. എൽ.എഫ്.എം6/1771/13

മലപ്പുറം ജില്ലാ ലോക്കൽഫണ്ട് ഓഡിറ്റ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
മലപ്പുറം, പിൻ. 676 505, ഫോൺ: 0483 2734951
ഇ. മെയിൽ: ddlfampm@gmail.com
തിയതി: 05-10-2013

മലപ്പുറം ജില്ലയിലെ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൻെറ 2010-11 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ്, 1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ്, 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻെറ പേരും ഉദ്യോഗപ്പേരും } ശ്രീ. പി.ഉണ്ണികൃഷ്ണൻ, ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്), മലപ്പുറം.

അക്കൗണ്ട് സർട്ടിഫിക്കേഷൻ നടത്തി സർട്ടിഫിക്കറ്റ് നല്കിയതിൻെറ വിവരം } എൽ.എഫ്.എം.2/2023(25)/11 തിയതി 18-10-11

ഓഡിറ്റിന് വിധേയമാക്കിയ കണക്കുകൾ

കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൻെറ 2010-11 സാമ്പത്തിക വർഷങ്ങത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. അധികാര വികേന്ദ്രീകരണത്തിൻെറ ഭാഗമായി അനുവദിച്ചു കിട്ടിയ പദ്ധതി വിഹിതം, മെയിന്റനൻസ് ഗ്രാന്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം മറ്റു ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ അംശദാനങ്ങൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.

കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൻെറ 17-06-2012 മുതൽ 11-08-2012 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. 01-06-2012 മുതൽ 12-06-2013 വരെയുള്ള മണൽ രസീതിയും പണം ഒടുക്കലും പരിശോധിച്ചു.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് വിനിയോഗിച്ച സമയം	ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരു വിവരം	
	പേര്	തസ്തിക
12-08-2013 മുതൽ 20-08-2013 വരെ	ശ്രീ. എ.സി.അബ്ദുള്ള	ഓഡിറ്റ് ഓഫീസർ
	ശ്രീ. മുഹമ്മദ് ഫസലുറഹ്മാൻ-ഓഡിറ്റർ ശ്രീ. അഷ്റഫ്. കെ.പി. ശ്രീ. രാകേഷ്. ഇ.ടി.	സീനിയർ ഗ്രേഡ് ഓഡിറ്റർമാർ ഓഡിറ്റർ

Local Fund Audit Department

നിർവഹണാധികാരികൾ

പ്രസിഡന്റ് : 1. ശ്രീ. കെ.സി.എ.ഷുക്കൂർ 1-4-2010 മുതൽ 30-09-2010 വരെ
2. ശ്രീമതി. പി.വി. റംലാബീഗം 01-11-2010 മുതൽ 31-03-2011 വരെ

(01-10-2010മുതൽ 31-10-2010 വരെ ഗ്രാമപഞ്ചായത്ത് സെക്രട്ടറി, വി.ഇ.ഒ., ഐ.സി.ഡി.എസ് സൂപ്പർവൈസർ, എന്നിവർ അംഗങ്ങളായ കമ്മറ്റി ഭരണം നടത്തി)

സെക്രട്ടറി:

1. ശ്രീ. കമലോൽഭവൻ 01-04-10 മുതൽ 05-05-2010 വരെ
2. ശ്രീ. രവീന്ദ്രൻ നായർ, 06-05-2010 മുതൽ 31-03-2011 വരെ

സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്മാർ: വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവരുടെ പേരു വിവരം അനുബന്ധം ബി ആന്റ് സി ആയി ഈ റിപ്പോർട്ടിനോടൊപ്പം ചേർത്തിട്ടുണ്ട്.

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാകുന്നു.

ഭാഗം : 1 പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം : 2 വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീത് പരിശോധനയിലും, പഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം : 3 ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

പഞ്ചായത്തിന്റെ ചെലവു കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ ക്രമക്കേടുകൾ, മറ്റു ഓഡിറ്റ് നിരീക്ഷണങ്ങൾ, ഓഡിറ്റ് ശുപാർശകൾ.

ഭാഗം : 4 ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധ പത്രിക

I. എ). സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്മാരുടെ പേരു വിവരം,/ കാലയളവ്
ബി). നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്/കാലയളവ്

Local Fund Audit Department

ഭാഗം : 1 - പൊതു അവലോകനം

1-(1). ബജറ്റ്:

വർഷം	ബജറ്റ് പാസ്സാക്കിയ പഞ്ചായത്ത് തീരുമാനം തീയതി	പ്രതീക്ഷിത വരവ്	പ്രതീക്ഷിത ചെലവ്
2010-11	1/24-03-2010	59654000	58250000

1-(2). വാർഷിക കണക്കുകൾ

വർഷം	വരവ്	ചെലവ്	വാർഷിക കണക്ക് ഓഡിറ്റിന് സമർപ്പിച്ച തിയതി
2010-11	41798071	43542040	12-05-2011

1(3). വിവിധ നികുതി/നികുതിയേതര ഡിമാന്റുകൾ പിരിച്ചെടുക്കുന്നതിലെ പുരോഗതി/കുടിശ്ശിക വിവരം

1999-2000 മുതലുള്ള വസ്തു നികുതി കുടിശ്ശികകൾ പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. 3 വർഷത്തിൽ കൂടുതൽ കാലപ്പഴക്കമുള്ള കുടിശ്ശികകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും കുടിശ്ശികകൾ കാലഹരണപ്പെടാതെ സമയബന്ധിതമായി പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

1-(4). രജിസ്റ്ററുകൾ/രേഖകൾ എന്നിവയുടെ പരിപാലനം:

1. വസ്തു നികുതിയുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ, ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ എന്നിവയിൽ പേജ് സാക്ഷ്യപത്രം, വർഷാന്ത്യ സംഗ്രഹം എന്നിവ രേഖപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

2. മണൽ വരവുമായി ബന്ധപ്പെട്ട രജിസ്റ്ററുകൾ സാമ്പത്തി വർഷാടിസ്ഥാനത്തിൽ തയ്യാറാക്കി സംഗ്രഹം സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

1-(5). ആസ്തി രജിസ്റ്റർ:-

ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

1-(6). മാസ്റ്റർ ഇൻക്യൂമ്പൻസി രജിസ്റ്റർ

ഓഡിറ്റ് കാലയളവിൽ ഇൻകുമ്പൻസി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

Local Fund Audit Department

1-(7). ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിൻെറ ഭാഗമായി ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ കൃത്യമായി സൂക്ഷിക്കേണ്ടതും ഡേ ബുക്ക്, കളക്ഷൻ അടവ്, ഡി.സി.ബി. രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ എന്നിവ മേൽപരിശോധന നടത്തുവാൻ സൂപ്പർ വൈസിംഗ് ഉദ്യോഗസ്ഥന്മാരെ ഓഫീസ് ഉത്തരവിലൂടെ ചുമതലപ്പെടുത്തേണ്ടതാണ്.

1-(8). പദ്ധതി നടത്തിപ്പ്/മോണിറ്ററിംഗ് / പദ്ധതി മാർഗ്ഗരേഖ ലംഘനം

ഹെഡ്മാസ്റ്റർ നിർവ്വഹണം നടത്തിയ സമഗ്ര വിദ്യാഭ്യാസ വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി മാഗസിൻ ഗ്രാന്റ് ചെയ്തതുമായി ബന്ധപ്പെട്ട അപാകത ഭാഗം 3-ൽ പരാമർശിച്ചിട്ടുണ്ട്.

1-(9).. ഫണ്ട് ഇനങ്ങളുടെ വരവ് ചെലവ്

ഇനം		മുന്നിരിപ്പ് + വരവ്	ചെലവ്	%
		വർഷം 2010-11	വർഷം 2010-11	വർഷം 2010-11
എ	വികസന ഫണ്ട്	7752542	6737897	86.91
ബി	മെയിന്റനൻസ് ഗ്രാന്റ്(റോഡ്)	1458158	1339847	91.88
സി)	മെയിന്റനൻസ് ഗ്രാന്റ്(റോഡിതരം)	2799440	2722803	97.26

Local Fund Audit Department

ഫണ്ട് ഷോർട്ട് ഫാൾ

ഇല്ല

വകമാറ്റി ചെലവഴിക്കൽ

ഇല്ല

1(10). **ഗുണഭോക്തൃ സമിതികളുടെ പ്രവർത്തനം**

ഗ്രാമപഞ്ചായത്തിൽ 2010-11 വർഷം ഗുണഭോക്തൃ സമിതി മുഖേന നടത്തിയ പ്രവൃത്തിയിൽ കണ്ട അപാകതകൾ താഴെ കൊടുക്കുന്നു.

1. ചെയർമാൻ/കൺവീനർ എന്നിവരുടെ പേരിൽ സംയുക്ത ബാങ്ക് അക്കൗണ്ട് തുടങ്ങിയിട്ടില്ല
2. വരവ്/ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. വൗച്ചർ, നമ്പരിട്ട് സൂക്ഷിച്ചിട്ടില്ല.
3. മസ്റ്റർ റോൾ പൂർണ്ണമാക്കിയിട്ടില്ല.

4. പ്രവർത്തി പൂർത്തിയായതിന് ശേഷം വരവ്/ചെലവ് കണക്കുകൾ അച്ചടിച്ച് അംഗങ്ങൾക്ക് നൽകിയിട്ടില്ല.
5. പ്രവൃത്തിയുടെ നിർവ്വഹണത്തിൽ ഓരോ ദിവസവും നടക്കുന്ന പ്രധാന കാര്യങ്ങൾ കൺവീനറുടെ ദൈനംദിന ഡയറിയിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

1.(11). തെരുവു വിളക്കുകൾ

പഞ്ചായത്ത് പരിധിയിലുള്ള 200 സി.എഫ്.എൽ. തെരുവു വിളക്കുകളുടെ കറന്റ് ചാർജ്ജിനത്തിൽ പ്രതിമാസം 5191/-രൂപ അടവാക്കി വരുന്നുണ്ട്. തെരുവു വിളക്കുകൾക്ക് മീറ്റർ സമ്പ്രദാം നടപ്പാക്കിയിട്ടില്ല.

1-(12). കുടിവെള്ള ടാപ്പുകൾ - വെള്ളക്കരം

പഞ്ചായത്തിൽ നിലവിലുള്ള മുൻ പൊതുടാപ്പുകൾക്ക് വെള്ളക്കരമിനത്തിൽ പ്രതിമാസം 25083/-രൂപ അടവാക്കി വരുന്നു.

1.(13). ഗ്രാമസഭാ സംഘാടനം:

ഗ്രാമസഭ സംഘാടനവുമായി ബന്ധപ്പെട്ട് ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ ഭാഗം-3ൽ പ്രത്യേകമായി കാണിച്ചിട്ടുണ്ട്.

1-(13). വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം

വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. ബന്ധപ്പെട്ട രജിസ്റ്ററിൽ മിനുട്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തി കാണുന്നില്ല.

1-(14). പഞ്ചായത്തിനെ സംബന്ധിക്കുന്ന പൊതു വിവരം:

വിസ്തൃതി	: 14.99 ചതുരശ്ര കിലോ മീറ്റർ
ജനസംഖ്യ	: 18399
വാർഡുകളുടെ എണ്ണം	: 14

1-(15). മറ്റ് പ്രസക്ത വിവരങ്ങൾ

അരീക്കോട് ബ്ലോക്ക് പഞ്ചായത്തിൽ ഉൾപ്പെടുന്ന കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൻെറ മൂന്ന് ഭാഗങ്ങളും ചാലിയാർ പുഴയാൽ ചുറ്റപ്പെട്ടു കിടക്കുന്ന പഞ്ചായത്തിൻെറ വടക്കേ അതിർത്തി കോഴിക്കോട് ജില്ലയിലെ കൊടിയത്തൂർ ഗ്രാമപഞ്ചായത്തുമായി പങ്കിടുന്നു. ടിപ്പുസുൽത്താൻ ഫറോക്ക് തൻെറ താവളമായി സ്വീകരിച്ചപ്പോൾ ചാലിയാർ പുഴ യാത്രക്ക് ഉപയോഗിച്ചിരുന്നതായും കീഴുപറമ്പ് പഞ്ചായത്തിലെ പടംപറമ്പ് എന്ന സ്ഥലം തൻെറ ഇടത്താവളമായി സ്വീകരിച്ചിരുന്നതായും അവിടെ വച്ച് ബ്രിട്ടീഷ് പട്ടാളവുമായി

Local Fund Audit Department

ഏറ്റുമുട്ടിയതായും ചരിത്രത്തിൽ പ്രതിപാദിക്കുന്നുണ്ട്. മലബാർ കലാപത്തിൻെറ പ്രധാന കേന്ദ്രങ്ങളിലൊന്നായിരുന്നു കീഴുപറമ്പ്.

പഞ്ചായത്തിൽ സർക്കാർ മേഖലയിൽ 5 എൽ.പി.സ്കൂളുകളും ഒരു ഹയർ സെക്കന്ററി സ്കൂളും ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളും പ്രവർത്തിക്കുന്നു. എയ്ഡഡ് മേഖലയിൽ 2 എൽ.പി. , 2 യു.പി. സ്കൂളുകളും പ്രവർത്തിച്ചുവരുന്നു.

Local Fund Audit Department

ഭാഗം : 2
വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ.

2-(1)(എ). മണൽ രശീതി പുസ്തങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ജിയോളജി വകുപ്പിൽ ക്യാൻസൽ ചെയ്യാൻ സമർപ്പിച്ചു എന്ന കാരണത്താൽ 2004, 2005, 2006, 2009, 2012, 2013, 2016, 2018, 2020, 2021, 2023, 2026, 2027 എന്നീ നമ്പറുകളിലുള്ള രശീതി പുസ്തകങ്ങൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

ബി). മണൽ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ക്രമപ്രകാരമല്ല

മണൽ രശീതി പുസ്തകങ്ങളുടെ സ്റ്റോക്ക് രജിസ്റ്ററിൽ കൈപ്പറ്റിയയാളുടെ ഒപ്പ് രേഖപ്പെടുത്തുന്ന കോളം ബാലൻസ് സ്റ്റോക്ക് കാണിക്കുന്ന കോളം എന്നിവ പരിശോധിച്ചു വരുന്നില്ല. കൂടാതെ രശീതി പുസ്തകങ്ങളിൽ ഫണ്ട് സാക്ഷ്യപത്രംരേഖപ്പെടുത്തേണ്ടതും ഇഷ്യു ചെയ്യാത്ത അവശേഷിക്കുന്ന മണൽ പാസ്സുകൾ റദ്ദുചെയ്യേണ്ടതുമാണ്.

2-(2). കടവ് കമ്മറ്റികൾ നിർജ്ജീവം

കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങൾ 2002 ലെ 15-ാം ചട്ടത്തിൽ കടവ് കമ്മറ്റികളുടെ അധികാരങ്ങളും കർത്തവ്യങ്ങളും വ്യക്തമാക്കിയിട്ടുണ്ട്. നദീ സംരക്ഷണത്തിൽ സുപ്രധാന ചുമതലകൾ വഹിക്കേണ്ട കടവ് കമ്മറ്റികൾ പ്രവർത്തനരഹിതമാണ്. കടവ് കമ്മറ്റിയുടെ കാര്യക്ഷമമായ ഒരു യോഗം അവസാനം ചേർന്നത് 29-11-2010നാണ്. പിന്നീട് 17-11-2012, 24-06-2013 തിയ്യതികളിൽ യോഗം ചേർന്നതിൻെറ ഒപ്പ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും തീരുമാനങ്ങൾ ഒന്നുംതന്നെയെടുത്തിട്ടില്ല. കടവ് കമ്മറ്റികളെ പ്രവർത്തന നിരതമാക്കി നദീ സംരക്ഷണം ഉറപ്പുവരുത്തേണ്ടതാണ്.

2-(3). **റിവർ മാനേജ്മെന്റ് ഫണ്ട് വിഹിതം ലഭ്യമാവുന്നില്ല.**

2010-11 സാമ്പത്തിക വർഷത്തിൽ മാത്രം 4771200/-രൂപ റിവർ മാനേജ്മെന്റ് ഫണ്ട് ഇനത്തിൽ ഗ്രാമപഞ്ചായത്ത് അടവാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് കാലയളവിലോ അതിന് ശേഷമോ പ്രസ്തുത വിഹിതം ഉപയോഗിച്ചുള്ള നദീതീര സംരക്ഷണ പ്രവർത്തനങ്ങൾ ഒന്നും തന്നെ പഞ്ചായത്ത് പരിധിയിൽ നടപ്പാക്കിയിട്ടില്ല. 2002ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടങ്ങളിലെ ചട്ടം 22 പ്രകാരം കടവോ നദീതീരമോ പരിപാലിക്കുന്നതിലേക്കും നദീതീര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കും ആവശ്യമായ എല്ലാ ചെലവുകളും മണൽ പാസ് അച്ചടിചെലവ്, വാച്ചർമാരുടെ വേതനം എന്നിവ പ്രസ്തുക ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്. ഓഡിറ്റ് എൻക്വയറി നം. 2/2013 നുള്ള മറുപടിയിൽ പ്രവസ്തുക വിഹിതം ലഭ്യമാക്കാൻ മൂന്ന് പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിച്ചതായി അറിയിച്ചിട്ടുണ്ട്. അടവാക്കുന്ന തുകക്കനുസൃതമായ പദ്ധതികളെങ്കിലും നേടിയെടുക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

Local Fund Audit Department

2-(4). **സാംഖ്യ രശീതി - സ്റ്റേഷനറി ഉപയോഗം ക്രമപ്രകാരമല്ല**

സാംഖ്യ രശീതികൾ പ്രിന്റ് ചെയ്യുന്നതിനുള്ള സ്റ്റേഷനറി സ്റ്റോക്ക് രജിസ്റ്ററിൽ ചോർക്കാതെയാണ് ഉപയോഗിച്ചുവരുന്നത്. കൂടാതെ ചില ദിവസങ്ങളിൽ നിർദ്ദിഷ്ട രീതിയിലുള്ള മെഷീൻ നമ്പർ ഉള്ള രശീതിക്ക് പകരം സാധാരണ പ്രിന്റിംഗ് വൈറ്റ് പേപ്പർ ഉപയോഗിച്ച് രശീതികൾ അനുവദിച്ചിട്ടുണ്ട്. വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

2-(5). **വൈദ്യുതി മുടക്കമുള്ളപ്പോൾ രശീതി നൽകുന്നത് ക്രമപ്രകാരമല്ല.**

വൈദ്യുതി മുടക്കം കാരണം കമ്പ്യൂട്ടർ പ്രവർത്തിപ്പിക്കാൻ കഴിയാത്ത ദിവസങ്ങളിൽ മാന്വൽ ആയി രശീതി അനുവദിച്ചതിനുശേഷം ആയതിൻറെ വിവരം അതേ തിയതിയിൽ തന്നെ പിന്നീട് ഇന്ററപ്റ്റഡ് രശീതിയായി ആയി സാംഖ്യയിൽ ചേർക്കുകകായാണ് ചെയ്യേണ്ടത്. എന്നാൽ അതിനു പകരം ആ ദിവസത്തെ കളക്ഷൻ തൊട്ടടുത്ത ദിവസം സാധാരണ രശീതിയാക്കുകയാണ് ചെയ്തിട്ടുള്ളത്. (ഉദാ:15-06-2013 ലെ കളക്ഷൻ 17-06-2013ന് ആണ് രശീതിയാക്കിയത്). അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

2-(6). **രശീതി പണമടവ്, പണം പിൻവലിക്കൽ പരിശോദന മുതലായവ അപാകതകളും പരിഹാര നിർദ്ദേശങ്ങളും**

1. ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ രസീതി പുസ്തകം എന്നിവയിൽ പേജ് സാക്ഷ്യപത്രം തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.
2. ഔട്ട് ഡോർ കളക്ഷൻ അടവാക്കുന്നതിനൻെറ രശീതി കളക്ഷൻ രജിസ്റ്ററിൽ പതിച്ചു വെക്കേണ്ടതാണ്.
3. കമ്പ്യൂട്ടർ രശീതികളുടെ കൗണ്ടർ ഫോയിലുകൾ ഓരോ ദിവസത്തേതും രശീതി നമ്പർ ക്രമത്തിൽ അടുക്കി സൂക്ഷിക്കേണ്ടതാണ്.
4. റദ്ദാക്കുന്ന രശീതികളുടെ സ്റ്റേറ്റുമെന്റ് സെക്രട്ടറി സാക്ഷ്യപ്പെടുത്തി ഡേ ബുക്കിൻെറ കൂടെ സൂക്ഷിക്കേണ്ടതാണ്.
5. ഓരോ ദിവസത്തെയും കൗണ്ടർ റിപ്പോർട്ട് പ്രിൻെറടുത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും അടവാക്കുന്ന ചലാനുകളുടെ പകർപ്പ് റിപ്പോർട്ടിൽ പതിക്കേണ്ടതുമാണ്.
6. സാംഖ്യ സമ്പ്രദായത്തിൽ അവധി ദിവസങ്ങൾ റിപ്പോർട്ടിൽ ലഭ്യമല്ലാത്തതിനാൽ അവധി ദിവസങ്ങളുടെ വിവരം തൊട്ടടുത്ത ദിവസ്ത്തെ ഡേ ബുക്കിൽ എഴുതിചേർക്കേണ്ടതാണ്.

Local Fund Audit Department

7. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കേണ്ടതും ഓരോ ദിവസവും അവശേഷിക്കുന്ന രശീതിൻെറ സ്റ്റേഷനറിയുടെ മെഷീൻ നമ്പർ പ്രസ്തുത രജിസ്റ്ററിൽ ചേർത്ത് ചുമതല കൈമാറേണ്ടതുമാണ്.
8. ബാങ്ക് പാസ് ബുക്കുകളിലെ ചെലവുകളിൽ ചെക്ക് നമ്പർ കൂടി രേഖപ്പെടുത്തുന്നതിന് ബാങ്ക് അധികൃതർക്ക് നിർദ്ദേശം നൽകേണ്ടതാണ്.
9. VPFA II (b) SCPഅക്കൗണ്ടിൻെറ ട്രഷറി സ്റ്റേറ്റുമെന്റിൽ VPFA VI SCP എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രഷറി സ്റ്റേറ്റുമെന്റിലെ തെറ്റ് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2(7): ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതിൽ ഗുരുതരമായ കൃത്യവിലോപനം

സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസം പിന്നിട്ടിട്ടും 2013 ജനുവരി മുതൽ മാർച്ച് വരെയുള്ള ചെലവുകൾ സാംഖ്യയിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 2013-14 സാമ്പത്തിക വർഷത്തിലെ ജൂൺ മാസം വരെയുള്ള ചെലവുകളും സാംഖ്യയിൽ രേഖപ്പെടുത്താൻ അവശേഷിക്കുന്നുണ്ട്. ചെലവുകൾ കൃത്യമായി രേഖപ്പെടുത്താതെ വാർഷാവസാന അനുബന്ധ പത്രികകൾ വാർഷിക സാമ്പത്തിക പത്രികകൾ എന്നിവ തയ്യാറാക്കിയതെങ്ങനെയാണെന്ന് വ്യക്തമല്ല. വ്യക്തമായ രേഖപ്പെടുത്തലുകളുടെ അഭാവത്തിൽ 2013 ജനുവരി മാസം മുതലുള്ള പിൻവലിക്കലുകൾ പരിശോധനക്ക് വിധേയമാക്കാൻ സാധിച്ചിട്ടില്ല. വിവിധ ട്രഷറി അക്കൗണ്ടുകളിലെയും, എം.എൻ.ആർ.ഇ.ജി.എസ്., സൗത്ത് മലബാർ ഗ്രാമീണ ബാങ്ക് തനത് തുടങ്ങിയ അക്കൗണ്ടുകളുടെയും ബാങ്ക് ബുക്കുകൾ അപൂർണ്ണമാണ്. ആയതിനാൽ ചെലവുകളുടെ കൃത്യത ഉറപ്പു വരുത്താൻ സാധിച്ചിട്ടില്ല.

യഥാസമയം രേഖപ്പെടുത്തലുകൾ വരുത്തുന്നതിൽ അക്കൗണ്ടന്റും മേൽപരിശോധന നടത്തുന്നതിൽ സെക്രട്ടറിയും വീഴ്ച വരുത്തിയതായി ഓഡിറ്റിൽ ബോധ്യപ്പെട്ടിരിക്കുന്നു. ശ്രീ. കെ. കെ. പീതാംബരൻ, സെക്രട്ടറി, ശ്രീ. പി.വി. വിനോദ് അക്കൗണ്ടന്റ് എന്നിവരിൽ നിന്നും വിശദീകരണം ലഭ്യമാക്കേണ്ടതും അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റ് റിപ്പോർട്ടിനുള്ള ആദ്യ മറുപടിയിൽ തന്നെ അറിയിക്കേണ്ടതുമാണ്.

Local Fund Audit Department

ഭാഗം III ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3(1). സമഗ്ര വിദ്യാഭ്യാസ വികസന പരിപാടി - മാഗസിൻ പ്രിന്റ് ചെയ്തതിന് അധിക തുക നൽകി

വൗച്ചർ നമ്പർ : 17/10-11

വകയിരുത്തിയ തുക	: 62753 (പ്ലാൻ ഫണ്ട്)
	: 179247 (തനത് ഫണ്ട്)

	242000
	=========

നിർവ്വഹണ ഉദ്യോഗസ്ഥ	: ഹെഡ്മിസ്ട്രസ്, ജി.എം.എൽ.പി.സ്കൂൾ, കുനിയിൽ
ചെലവ് വിവരം	: ബിൽ നമ്പർ-2/10-11 തിയതി 30-3-2011 തുക:62753/-

2010-11 വർഷത്തിൽ നടപ്പിലാക്കിയ സമഗ്ര വിദ്യാഭ്യാസ പരിപാടിയുടെ ഭാഗമായി സ്കൂൾ വിദ്യാർത്ഥികളുടെ സൃഷ്ടികൾ ഉൾക്കൊള്ളിച്ചുകൊണ്ട് 'ഉറവ' എന്ന പേരിൽ മാഗസിൻ പ്രിന്റ് ചെയ്യാൻ തീരുമാനിക്കുകയും ടെണ്ടർ വിളിച്ചതിൻെറ അടിസ്ഥാനത്തിൽ ഏറ്റവും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത ഭാവന പ്രസ്സ് അരീക്കോട് എന്ന സ്ഥാപനത്തിൻെറ ടെണ്ടർ സ്വീകരിക്കുകയുണ്ടായി. 29-12-2010ലെ ടെണ്ടർ ഷെഡ്യൂൾ പ്രകാരം മാഗസിൻെറ പുറം ചട്ടക്ക് 4.40രൂപയും ഉൾപേജുകൾക്ക് പേജൊന്നിന് 22 പൈസയുമാണ് ടി സ്ഥാപനം ക്വാട്ട് ചെയ്തിരുന്നത്. പിന്നീട് നെഗോസിയേഷൻ നടത്തിയതിൻെറ അടിസ്ഥാനത്തിൽ ഉൾപേജിന് 21 പൈസയാക്കി കുറക്കുകയും ചെയ്തു.

25-03-2011ലെ 1200-ാം നമ്പർ ഇൻവോയ്സ് പ്രകാരം ടി സ്ഥാപനം 2000 മാഗസിൻ പ്രിന്റ് ചെയ്ത് നൽകുകയും ടിയിനത്തിൽ 30,000/-രൂപ കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ പ്രകാരം ഒരു മാഗസിന് വരുന്ന ചെലവ് 12.8രൂപ മാത്രമാണ്. (4.40+(21*40)). അതായത് 2000 മാഗസിന് 25600/-രൂപ മാത്രമേ നൽകേണ്ടതുള്ളു. സ്ഥാപനം സമർപ്പിച്ച ഇൻവോയ്തിൽ 4400/-രൂപ ബൈൻലിംഗ് ചാർജ്ജായാണ് കാണിച്ചിട്ടുള്ളത്. മാഗസിൻ പ്രിന്റ് ചെയ്യുന്നതിന് ടി സ്ഥാപനം സമർപ്പിച്ച ടെണ്ടറിൽ ബൈന്റിംഗ് ചാർജ്ജ് വേറെ കാണിക്കാത്തതിനാലും 40 പേജ് മാത്രമുള്ള മാഗസിൻ അത്തരത്തിലുള്ള ബൈന്റിംഗ് ഇല്ലാത്തതിനാലും അധികാമയി നൽകിയ 4400/-രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 14-08-2013ലെ 4/10-11 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടി തൃപ്തികരമല്ല. നഷ്ട തുക ഉത്തരവാദിയായ ഹെഡ്മിസ്ട്രസിൽ നിന്നും ഈടാക്കി വികസന ഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

Local Fund Audit Department

3-(2). എസ്എസ്.എ. വിഹിതം നൽകിയത് - വിനിയോഗ വിവരം രഭ്യമാക്കിയില്ല.

എസ്.എസ്.എ. വിഹിതം ഇനത്തിൽ 2010-11 വർഷത്തിൽ 646000/-രൂപ എസ്.എസ്.എ. മലപ്പുറം പ്രൊജക്ട് ഓഫീസർക്ക് നൽകിയിട്ടുണ്ട്. (പ്രൊജക്ട് നമ്പർ 38/10-11, വൗച്ചർ നമ്പർ 62/24-09-2010) എന്നാൽ തുകയുടെ വിനിയോഗം സംബന്ധിച്ച രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക 646000/-രൂപ തടസ്സം ചെയ്യുന്നു.

3-(3). എസ്.സി. ഗോട്ട് ഫാം പ്രവർത്തനം ആരംഭിച്ചില്ല - പ്ലാൻ ഫണ്ട് പാഴ്ചെലവായി

ഗ്രാമപഞ്ചായത്തിൻെറ എസ്.സി.പി. ഫണ്ട് വിനിയോഗിച്ചു സ്ഥാപിച്ച എസ്.സി.ഗോട്ട് ഫാമിന് 2009-10, 2010-11 വർഷങ്ങളിലായി 255967/-രൂപ പ്ലാൻ ഫണ്ടിൽ നിന്നും ചെലവു ചെയ്തെങ്കിലും ഫാം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഫാം പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-(4). **റോഡ് പ്രവൃത്തിയിൽ കരിങ്കൽ പാക്കിംഗ് . ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധം**

തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ റോഡ് പ്രവൃത്തികൾ ചെയ്യേണ്ടത് പൊതുമരാമത്ത് വകുപ്പിലേതുപോലെ ഐ.ആർ.സി. അംഗീകരിച്ച സ്പെസിഫിക്കേഷൻ പ്രകാരമാണ്. ചീഫ് എഞ്ചിനീയറുടെ (ജനറൽ, ഹിൽഡിംഗ്, ലോക്കൽ വർക്സ്) 11-02-1988ലെ ഒ ആന്റ് എം (1) 12407/88 നമ്പർ ഉത്തരവ് പ്രകാരം റോഡ് പ്രവൃത്തികൾക്ക് ഐ.ആർ.സി. സ്പെസിഫിക്കേഷൻ ബാധകമാക്കിയിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്ത് ചെയ്ത ചില റോഡ് പ്രവൃത്തികളിൽ കരിങ്കൽ പതിച്ച് അതിനുമുകളിൽ സിമന്റ് കോൺക്രീറ്റ് റോഡ് ഉണ്ടാക്കിയിട്ടുണ്ട്. ഇത്തരത്തിൽ റോഡ് പ്രവൃത്തികൾ ചെയ്യുന്നത് ഐ.ആർ.സി. സ്പെസിഫിക്കേഷന് വിരുദ്ധമാണ്. ഡി.ആർ. പാക്കിംഗിൽ 'വോയ്ഡ്സ്' നല്ലപോലെ പാക്ക് ചെയ്യുന്നത് പലപ്പോഴും ബുദ്ധിമുട്ടാണെന്നതിനാൽ ഭാര വാഹനങ്ങൾ കയറിപോരുമ്പോൾ പാക്കിംഗ് ഇളകാനും തന്മൂലം അതിനു മുകളിൽ ചെയ്തിട്ടുള്ള കോൺക്രീറ്റ് പൊട്ടിപോരുന്നതിനും ഇടയാകുന്നു. റോഡിൻെറ വെള്ളക്കെട്ടുള്ള ഭാഗങ്ങളിൽ മണ്ണിൻെറ ഘടനക്കനുസരിച്ച് സബ് ടാറിംഗ് ബലപ്പെടുത്തേണ്ടതും വെള്ളം ഒഴുകി പോരുന്നതിനുള്ള ഡ്രൈനേജ് നിർമ്മിക്കേണ്ടതുമാണ്.
ഡി.ആർ. റോഡ് പ്രവൃത്തിയുടെ വിവരം താഴെ കൊടുക്കുന്നു.

1. പുളിയം പറമ്പ് - ശ്മശാനം റോഡ് - (241/11)
   ബിൽ നമ്പർ: 43/10-11/3-3-11 : 479905/-
   എം.ബുക്ക് നമ്പർ; 80/10-11
   അടങ്കൽ : 500000/-, കൺവീനർ . വി. ബാബുരാജൻ
   ടി.എസ്.- എ.ബി/കെ.പി.ബി.എ./ആർ.ബി.ബി./452/10-11/22-2-2011
   എഗ്രിമെന്റ് : 54/എ.ഇ./കിസ്/10-11
   ഡി.ആർ. പാക്കിംഗ് അളവ്/തുക : 1165/എം3 *153.75 എം3 = 179118.75/-

Local Fund Audit Department

2 അഴീക്കൽ റോഡ് പുനരുദ്ധാരണം (130/11)
എം.ബുക്ക് . 50/10-11
തുക: 100000/-
കൺവീനർ: ചാത്തുകുട്ടി.
എഗ്രിമെന്റ്: 6/എ.ഇ./കിസ്/09-10 13-09-2010
ടി.എസ്. എബി/കെ.പി.ബി.എ./ആർ.സി.സി./345/10-11/28-8-2010
ചെക്ക് നം: 336390/18-3-2011 : 95115/-

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 16-10-2012ലെ സി.ബി.4-7462/2012/സി.ഇ./ത.സ്വ.ഭ.വ. നം. കത്തിൽ, റോഡ് പ്രവൃത്തികൾക്ക് ഐ.ആർ.സി. സ്പെസിഫിക്കേഷൻ പാലിക്കേണ്ടതാണ്. ഐ.ആർ.സി. സ്പെസിഫിക്കേഷനിൽ ഉൾപ്പെടാത്ത ഡി.ആർ. പാക്കിംഗ് റോഡ് പ്രവൃത്തികളിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

റോഡ് പ്രവൃത്തികളിൽ ഐ.ആർ.സി. സ്പെസിഫിക്കേഷൻ പാലിക്കേണ്ടതും, ഡി.ആർ. പാക്കിംഗ് പ്രവൃത്തിയിലുൾപ്പെടുത്തിയതിനാധാരമായ അനുമതി വിവരം ലഭ്യമാക്കേണ്ടതുമാണ്.

3-(5). **ലഘു അവലോകനം: ഗ്രാമസഭാ സംഘാടനം**

കീഴുപറമ്പ് ഗ്രാമപഞ്ചായത്തിന്റെ 2010-11 വർഷ ഓഡിറ്റിന്റെ ഭാഗമായി 2011-12, 2012-13 വർഷത്തെ ഗ്രാമസഭ മിനുട്സുകൾ പരിശോധിക്കുകയുണ്ടായി. ഗ്രാമസഭ സംഘാടനത്തിൽ താഴെ പറയുന്ന അപാകതകൾ കാണപ്പെട്ടു.

1. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3(3) പ്രകാരം ഗ്രാമസഭ കുറഞ്ഞത് 3 മാസത്തിലൊരിക്കലെങ്കിലും യോഗം ചേരേണ്ടതാണ്.

   എന്നാൽ കീഴുപറമ്പ് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിശ്ചിത മൂന്ന് മാസ കാലയളവിൽ ഗ്രാമസഭാ യോഗം ചേർന്നിട്ടില്ല. വിശദ വിവരം പട്ടികയിൽ കാണുക.
2. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3 എ(4) പ്രകാരം ഗ്രാമസഭയുടെ ക്വാറം പ്രസ്തുത പ്രദേശത്തെ സമ്മതിദായകരുടെ എണ്ണത്തിന്റെ 10% ആണെന്നും ക്വാറം തികയാതെ മാറ്റിവെക്കുന്ന ഗ്രാമസഭ വീണ്ടും ചേരുമ്പോൾ ക്വാറം 50 ആയിരിക്കണമെന്നും നിയമത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

   എന്നാൽ ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ക്വാറം തികയാതെ ഗ്രാമസഭായോഗം ചേർന്നു തീരുമാനമെടുത്തു.

   വിശദ വിവരത്തിന് പട്ടിക കാണുക.
3. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ3(5) പ്രകാരം ഗ്രാമസഭാ യോഗ അധ്യക്ഷൻ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്. അദ്ദേഹത്തിന്റെ അസിനിധ്യത്തിൽ വൈസ് പ്രസിഡന്റും രണ്ടുപേരുടെയും അസാനിധ്യത്തിൽ ഗ്രാമസഭ കൺവീനറുമാണ് ഗ്രാമസഭയുടെ അധ്യക്ഷം വഹിക്കേണ്ടത്.

Local Fund Audit Department

എന്നാൽ വിവിധ വാർഡുകളിലെ മിനുട്സ് പരിശോധിച്ചതിൽ നിയമപ്രകാരമുള്ള ക്രമം പാലിക്കാതെ വിവിധ വ്യക്തികൾ അധ്യക്ഷം വഹിക്കുന്നതായി കാണപ്പെട്ടു. കൂടാതെ വളരെയധികം വാർഡുകളിൽ ഗ്രാമസഭയോഗ നടപടികൾ എഴുതാതെ നേരിട്ട് യോഗ തീരുമാനങ്ങൾ എഴുതിയതായും കാണുന്നു.

4. കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ3(6) പ്രകാരം വർഷത്തെ ആദ്യ ഗ്രാമസഭാ യോഗത്തിൽ മുൻവർഷത്തെ വികസന പരിപാടികളുടെയും നടപ്പുവർഷം ഏറ്റെടുക്കാനുദ്ദേശിക്കുന്ന വികസന പരിപാടികളെയും ചെലവിനെയും സംബന്ധിച്ച റിപ്പോട്ടും മുൻവർഷത്തെ വാർഷിക കണക്കുകളുടെ സ്റ്റേറ്റുമെന്റും അവതരിപ്പിക്കേണ്ടതാണെങ്കിലും ഒരു വാർഡിൽ പോലും മേൽ നടപടികൾ പാലിച്ചിട്ടില്ല.

5. ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട്, പെർഫോമൻസ് റിപ്പോർട്ട് എന്നിവ ഗ്രാമസഭയിൽ ചർച്ചചെയ്യേണ്ടതാണ് എന്ന് കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 3 എ (3) നിർദ്ദേശിക്കുന്നെങ്കിലും ആയത് പാലിച്ചിട്ടില്ല.

6. ഗ്രാമസഭാ യോഗ നടപടിക്രമങ്ങൾ രേഖപ്പെടുത്തേണ്ട മിനുട്സീൽ യോഗത്തിലെ ചർച്ചകൾ അഭിപ്രായങ്ങൾ , നിർദ്ദേശങ്ങൾ എന്നിവ രേഖപ്പെടുത്താതെ ഗ്രാമസഭാ തീരുമാനങ്ങൾ മാത്രം രേഖപ്പെടുത്തുകയാണ് ചെയ്തത്.

7. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് അജണ്ടയായി ചേർത്ത ഗ്രാമസഭായോഗങ്ങളിൽ ഒന്നും തന്നെ ലിസ്റ്റ് സംബന്ധിച്ച് നടപടി ചർച്ചകൾ യാതൊന്നും രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ വിവിധ ആനുകൂല്യങ്ങൾക്ക് തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളുടെ അർഹതാ മാനദണ്ഡം വ്യക്തമാക്കാതെയും ഗുണഭോക്താക്കളുടെ മാർക്ക് പൂർണ്ണമായി രേഖപ്പെടുത്താതെയുമാണ് ഗുണഭോക്തൃ ലിസ്റ്റ് അംഗീകരിച്ചത്. ഇക്കാരണത്താൽ ഗുണഭോക്തൃ തെരഞ്ഞെടുപ്പ് നടപടികൾ സുതാര്യമല്ല എന്ന് വിലയിരുത്തുന്നു.

8. ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഗുണഭോക്താക്കൾക്ക് നൽകിയ മാർക്ക് പരിശോധിച്ചതിൽ മാർക്കിൻെറ ക്രമം പാലിക്കാതെ ഗുണഭോക്തൃ ലിസ്റ്റ് തയ്യാറാക്കി അംഗീകരിച്ചത് കാണുന്നു.

വാർഡ്	യോഗ തിയതി	കുറിപ്പ്
2	25-09-2011	11-12 ഗുണഭോക്തൃ ലിസ്റ്റ് വിവിധ പ്രൊജക്ട് ഗുണഭോക്തൃ ലിസ്റ്റ് മാർക്ക് ക്രമം പാലിച്ചില്ല
2	തിയ്യതിയില്ല	12-13 -ടി-
14	29-9-2011	11-12 -ടി-
3	26-9-2011	-ടി - -ടി-
	11-01-2013	12-13 -ടി-
9	27-9-2011	11-12 -ടി-
4	28-09-2011	-ടി- -ടി-
6	01-10-2011	-ടി- -ടി-
5	26-09-2011	-ടി- -ടി-

Local Fund Audit Department

9. ഗ്രാമസഭാ സംഘാടനം സംബന്ധിച്ച സർക്കുലർ പ്രകാരം ഓരോ വർഷവും ഒക്ടോബർ മാസത്തോടെ അടുത്ത വർഷത്തെ ഗ്രാമസഭാ തിയ്യതികൾ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കേണ്ടതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ഇത്തരം നടപടികൾ പാലിച്ചിട്ടില്ല.

10. ഗ്രാമസഭാ യോഗ മിനുട്സ് കൺവീനർ കോ-ഓർഡിനേറ്റർ എന്നിവർ ഒപ്പ് വച്ച് ക്ലോസ് ചെയ്യേണ്ടതാണെങ്കിലും വിവിധ ഗ്രാമസഭാ യോഗ മിനുട്സുകൾ ക്ലോസ് ചെയ്തിട്ടില്ല. കൂടാതെ ഏതാനും വാർഡുകളിൽ ഗ്രാമസഭായോഗം നടന്ന തിയ്യതി രേഖപ്പെടുത്താതെയും, മിനുട്സ് എഴുതാതെയും പങ്കെടുത്തവരുടെ ഒപ്പ് മാത്രം വച്ച നിലയിലും കാണപ്പെട്ടു.

വാർഡ്	യോഗ തിയതി	കുറിപ്പ്
1	28-07-2011	ചെയ്തിട്ടില്ല.
	29-09-2011	-ടി-
	27-01-2012	-ടി-
	14-05-2012	-ടി-
	10-09-2012	-ടി-
	10-01-2012	-ടി-
	25-03-2013	-ടി-
2	27-07-2011	-ടി-
	25-09-2011	-ടി-
	25-01-2012	-ടി-
	20-05-2012	-ടി-
	07-01-2012	-ടി-
	തിയ്യതിയില്ല	-ടി-
3	28-07-2011	-ടി-
	26-09-2011	-ടി-
	10-01-2012	-ടി-
	20-05-2012	-ടി-
	10-09-2012	-ടി-
	11-01-2013	-ടി-
	22-03-2013	-ടി-
4	10-09-2012	-ടി-
	08-01-2013	-ടി-
5	27-07-2011	-ടി-
	20-01-2012	-ടി-
	17-05-2012	-ടി-
	10-09-2012	-ടി-
6	15-07-2011	-ടി-
	01-10-2011	-ടി-
	18-01-2012	-ടി-
	18-05-2012	-ടി-
	12-01-2013	-ടി-
	20-03-2013	-ടി-

Local Fund Audit Department

7	20-07-2011	-ടി-
	തിയ്യതിയില്ല	-ടി-
7	11-05-2012	-ടി-
	07-09-2012	-ടി-
	11-01-2013	-ടി-
	22-05-2013	-ടി-
8	27-01-2012	-ടി-
	25-05-2012	-ടി-
	08-01-2013	-ടി-
	22-03-2013	-ടി-
9	11-05-2012	-ടി-
10	09-09-2012	-ടി-
	13-01-2013	-ടി-
11	28-07-2011	-ടി-
	01-10-2011	-ടി-
	21-01-2012	-ടി-
	21-04-2012	-ടി-
	തിയ്യതിയില്ല	-ടി-
	17-03-2013	-ടി-
12	28-07-2011	-ടി-
	25-09-2011	-ടി-
	തിയ്യതിയില്ല	-ടി-
	11-05-2012	-ടി-
	05-09-2012	-ടി-
	04-01-2013	-ടി-
	15-04-2013	-ടി-
13	27-07-2011	-ടി-
	24-09-2011	-ടി-
	25-01-2012	-ടി-
	18-05-2012	-ടി-
	10-09-2012	-ടി-
	08-01-2013	-ടി-
	തിയ്യതിയില്ല	-ടി-
14	26-07-2011	-ടി-
	18-05-2012	-ടി-
	07-09-2012	-ടി-
	17-03-2013	-ടി-

Local Fund Audit Department

	വാർഡ് നം	അംഗ സംഖ്യ	യോഗം ചേർന്ന തിയതി	പങ്കെടുത്തവരുടെ എണ്ണം		യോഗം ചേർന്ന തിയതി	പങ്കെടുത്തവരുടെ എണ്ണം
	1	1120	28-7-2011	113		14-05-2012	113
			29-9-2011	110		10-09-2012	126
			27-1-2012	118		01-10-2012	58
	2	1047	27-7-2011	145		10-01-2013	116
			25-09-2011	121		25-03-2013	118
			25-01-2012	125		20-052012	124
	3	928	28-7-2011	92		07-09-2012	155
			25-9-2011	105		തിയ്യതി ചേർത്തിട്ടില്ല	140
			10-1-2012	106		25-03-2013	
	4	949	28-7-2011	91		20-05-2012	110
			28-9-2011	108		10-09-2012	117
			29-01-2012	100		11-01-2013	127
	5	1061	27-07-2011	138		22-03-2013	114
			26-09-2011	115		13-05-2012	110
			20-01-2012	105		10-09-2012	110
	6	1028	15-07-2011	90		08-01-2013	130
			10-01-2011	116		18-03-2013	107
			18-01-2012	117		17-05-2012	96
	7	1169	30-07-2011	115		10-09-2012	121
			30-09-2011	108		05-01-2013	130
			തിയ്യതി ചേർത്തിട്ടില്ല	91		18-05-2012	120
	8	1173	27-07-2011	120		10-09-2012	117
			10-02-2011	141		12-01-2013	120
			27-01-2012	107		20-03-2013	117
	9	1089	28-07-2011	110		15-03-2013	90
			27-09-2011	116		11-05-2012	109
			14-01-2012	92		07-09-2012	109
	10	849	29-07-2011	118		11-01-2013	108
			25-09-2011	109		22-03-2013	105
			തിയ്യതി ചേർത്തിട്ടില്ല	ഒപ്പ് രേഖ പ്പെടുത്തിയിട്ടില്ല		25-05-2012	114
	11	848	28-07-2011	101		10-09-2012	110
			10-01-2011	89		08-01-2013	115
			21-01-2012	90		22-03-2013	92

Local Fund Audit Department

	12	900	28-07-2011	91		11-05-2012	115
			25-09-2011	90		06-09-2012	122
			തിയ്യതി ചേർത്തിട്ടില്ല	63		04-01-2013	163
	13	1093	27-07-2011	110		22-03-2013	171
			24-09-2011	117		18-05-2012	120
			25-01-2012	137		09-09-2012	115
	14	995	26-07-2011	120		18-01-2013	96
			29-09-2011	122		15-03-2013	106
			25-01-2012	124		21-04-2012	62
						തിയ്യതി ചേർത്തിട്ടില്ല	105
						04-01-2013	102
						17-03-2013	102
						11-05-2012	
						05-09-2012	119
						04-01-2013	119
						15-03-2013	90
						18-05-2012	98
						10-09-2012	130
						08-01-2013	110
						തിയ്യതി ചേർത്തിട്ടില്ല	132
						18-09-2012	120
						07-09-2012	113
						07-01-2013	115
						17-03-2013	115

Local Fund Audit Department

ഭാഗം - 4

ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

4-1 സാമ്പത്തിക നില

2010-11

ഇനം ഫണ്ട്:	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
എ	772542	6980000	7752542	6737897	1014645
ബി	----	11664567	11664567	11664567	----
സി	1017598	3240000	4257598	4062650	194948
ഡി	2110146	1937000	4047146	3406361	640785
ഇ	714869	4066340	4781209	4040974	740235
എഫ്	1891136	13910164	15801300	13629591	2171709
ആകെ	**6506291**	**41798071**	**48304362**	**43542040**	**4762322**

നീക്കിയിരിപ്പിൻെറ വിശദാംശങ്ങൾ 2010-11

	ബാങ്ക്/ട്രഷറി	അക്കൗണ്ട് നമ്പർ	നീക്കിയിരിപ്പ് തുക	
			as on 31-03-2011	as on
1	VPFA – 1 TPA		640785	
2	VPFA – 1I		1014645	
3	VPFA – 1II		194948	
4	സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്	9000	254003	
5	-ടി- (തൊഴിലുറപ്പ്)	9886	154688	
6	-ടി- (സാനിറ്റേഷൻ)	8356	568577	
7	-ടി- (കുടുംബശ്രീ)	8142	2671	
8	-ടി- (സാക്ഷരത)	7905	14299	
9	സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്	8902	1656649	
10	സൗത്ത് മലബാർ ഗ്രാമീണ ബാങ്ക്	9169	1000	
11	-ടി- (ദുരിതാശ്വാസം)	10020	302	
12	എസ്.ബി.ടി. (എസ്.എസ്.എ)	67011130190	137872	
13	എസ്.ബി.ടി. പ്ലാൻ	57049162373	63589	
14	കാഷ് ഇൻ ഹാന്റ്		58294	
ആകെ			**4762322**	

Local Fund Audit Department

4(2) ഓഡിറ്റ് റിക്കവറി

റിക്കവറികളുടെ വിദശാംശങ്ങൾ താഴെ കൊടുക്കുന്നു.

റിപ്പോർട്ട് വർഷം	ഖണ്ഡിക നം	തിരികെ ഈടാക്കിയ തുക		ഒടുക്കിയ ആളുകളുടെ പേരും ഉദ്യോഗപേരും	രസീത് നമ്പർ/ തിയതി	ഏതുഫണ്ടിൽ തിരിച്ചടച്ചു	റിമാർക്സ്
		വരവ് നഷ്ടം	ചെലവ് നഷ്ടം				
1980-81	8		3.32	ബി. ബാലൻ.എൻ. എൽ.ഡി.സി.	54937/1 18-9-2010	തനത്	
1980-81	9		17.00	ബി. ബാലൻ.എൻ. എൽ.ഡി.സി.	54937/1 18-9-2010	-ടി-	
1980-81	10		10.00	ബി. ബാലൻ.എൻ. എൽ.ഡി.സി.	54937/1 18-9-2010	-ടി-	
1979-80	19(1)		31.50	ബി. ബാലൻ.എൻ. എൽ.ഡി.സി.	54937/1 18-9-2010	-ടി-	
1979-80	19(2)		9.16	ബി. ബാലൻ.എൻ. എൽ.ഡി.സി.	54937/1 18-9-2010	-ടി-	
2000-01	4		1968	ശ്രീമതി. പി.സെ. ഉമ്മാച്ചുകുട്ടി, മുൻപ്രസിഡന്റ്	54941/9 4-10-2010	-ടി-	
2003-04	2(5)	4350		ശ്രീ.വി.എ.ജോർജ്ജ് , ജെ.ബി.സി.	54926/17 8-6-2010	-ടി-	
2003-04	2(5)	4350		ശ്രീ.വി.എ.ജോർജ്ജ് , ജെ.ബി.സി.	54942/72 22-10-2010	-ടി-	
2003-04	2(5)	2900		ശ്രീ.വി.എ.ജോർജ്ജ് , ജെ.ബി.സി.	8714/67 29-1-2011	-ടി-	
2003-04	2(5)	1450		ശ്രീ.വി.എ.ജോർജ്ജ് , ജെ.ബി.സി.	8716/76 21-2-2011	-ടി-	
2003-04	2(5)	1450		ശ്രീ.വി.എ.ജോർജ്ജ് , ജെ.ബി.സി.	45481/33 21-3-2011	-ടി-	
2003-04	2(2)	13392		ശ്രീ. വി.എ. ചന്ദ്രൻ, ജെ.ബി.സി.	61146/62 9-4-2010	-ടി-	
2003-04	2(2)	801		ശ്രീ. വി.എ. ചന്ദ്രൻ, ജെ.ബി.സി.	8708/91 11-1-2011	-ടി-	

Local Fund Audit Department

4(3). ഓഡിറ്റ് പ്രത്യവലോകനം:

(എ). സംക്ഷിപ്ത വിവരം

വർഷം (2010-11)

ഓഡിറ്റ് വർഷത്തെ ആകെ വരവ്	41798071
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	43542040
വരവിനങ്ങളിലെ നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	4400
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	646000

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഖണ്ഡിക നം	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ്ജ് ചെയ്യാവുന്നവ	സർചാർജ്ജ് ചെയ്യാവുന്നവ	
3(1)	--	4400	ശ്രീമതി. മീനാകുമാരി, ഹെഡ് മിസ്ട്രസ്സ്
ആകെ		**4400**	

സി). തടസ്സപ്പെടുത്തിയ തുകയുടെ വിവരം

ഖണ്ഡിക നം	തടസ്സപ്പെടുത്തിയ തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3(2)	646000	ശ്രീ. രവീന്ദ്രൻ നായർ, സെക്രട്ടറി
ആകെ	**646000** ========	

ഡി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഇ). നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

Local Fund Audit Department

എഫ്). റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ:

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽ വിലാസം	സ്ഥിരം മേൽ വിലാസം പിൻകോഡ് സഹിതം
ശ്രീമതി. മീനാകുമാരി, ഹെഡ്മിസ്ട്രസ്	ഹെഡ്മിസ്ട്രസ്സ്, ജി.എം.എൽ.പി.സ്കൂൾ, കുനിയിൽ	ശ്രീമതി. മീനാകുമാരി, ആര്യൻ ഭവൻ, പന്നിക്കോട് പി.ഒ കോഴിക്കോട് ജില്ല.

4(3). ജി. ഓഡിറ്റ് സംഗ്രഹം:

നൽകിയ ഓഡിറ്റ് എൻക്വയറികളുടെ എണ്ണം : 16
മറുപടി ലഭിച്ചതിൻെറ എണ്ണം : 15
മറപടി ലഭിക്കാത്തവ : 1

മറുപടി ലഭിക്കാത്ത നിർവ്വഹണ ഉദ്യോഗസ്ഥരുടെ വിവരം:

ഖണ്ഡിക നം	നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേരും ഉദ്യോഗപ്പേരും
1(9)	ശ്രീ. ഉമ്മർ. കെ., അസിസ്റ്റന്റ് എഞ്ചിനീയർ

4-(4). തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിൻെറ വിവരം	തടസ്സങ്ങളുടെ എണ്ണം
1979-80	എൽ.എഫ്.എം.9/1016/95 തിയതി 26-05-95	3
1980-81	എൽ.എഫ്.എം.9/1017/95 തിയതി 26-05-95	4
1985-86	എൽ.എഫ്.എം.9/1020/95 തിയതി 26-05-95	6
1986-87	എൽ.എഫ്.എം.9/1021/95 തിയതി 26-05-95	8
19987-88,88-89	എൽ.എഫ്.എം.9/592/95 തിയതി 31-03-1995	25
1989-90,91-92	എൽ.എഫ്.എം.9/862/95 തിയതി 03-06-95	23
1994-95	എൽ.എഫ്.എം.3/1496/99 തിയതി 19-12-99	8
1995-96	എൽ.എഫ്.എം.3/1025/01 തിയതി 21-01-02	13
1996-97	എൽ.എഫ്.എം.3/1026/01 തിയതി 21-01-02	15
1997-98	എൽ.എഫ്.എം.8/1263/03 തിയതി 21-01-02	13
1998-99	എൽ.എഫ്.എം.8/1267/03 തിയതി 21-01-02	12
1999-2000	എൽ.എഫ്.എം.13/1264/03 തിയതി 21-01-02	8

Local Fund Audit Department

2000-2001	എൽ.എഫ്.എം.13/1265/03 തിയതി 21-01-02	13
2001-2002	എൽ.എഫ്.എം.15/98/08 തിയതി 06-12-08	6
2002-2003	എൽ.എഫ്.എം.15/99/08 തിയതി 06-12-08	5
2003-04	എൽ.എഫ്.എം.15/100/08 തിയതി 15-12-08	9
2004-05	എൽ.എഫ്.എം.15/2298/08 തിയതി 24-04-09	10
2005-06	എൽ.എഫ്.എം.15/939/10 തിയതി 01-11-10	10
2006-07	എൽ.എഫ്.എം.15/940/10 തിയതി 01-11-10	12
2007-08,08-09 2009-10	എൽ.എഫ്.എം.6/1614/12 തിയതി 12-07-2012	22

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

4(5). ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം:

എ). ചാർജ്ജ്/സർചാർജ്ജ് നോട്ടീസ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ തുകയുടെ വിവരം:

ലഭ്യമല്ല.

ബി). ചാർജ്ജ്/സർചാർജ്ജ് സർട്ടിഫിക്കറ്റ് പുറപ്പെടുവിച്ചതിന്റെ അടിസ്ഥാനത്തിൽ അടവാക്കിയ /ഈടാക്കിയ തുകയുടെ വിവരം

ഇല്ല

	ഓഡിറ്റ് റിപ്പോർട്ട് വർഷം	ചാർജ്ജ് സർട്ടിഫിക്കറ്റ് റഫ.നം/തിയതി	സർചാർജ്ജ് സർട്ടിഫിക്കറ്റ് റഫ.നം/തിയതി	സർട്ടിഫിക്കറ്റ് പ്രകാരമുള്ള തുക	അടവാക്കിയ തുക	അടവാക്കിയ ആളുടെ പേരും രസീതു നമ്പരും തിയതിയും	ബാക്കി	റവന്യൂ റിക്കവറി നടപടികളിലൂടെ ഈടാക്കിയ തുക	റിമാർക്സ്
1									
2									

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്),
ലോക്കൽ ഫണ്ട് ഓഡിറ്റ്,
മലപ്പുറം ജില്ല

എം.എ.11/2013

Local Fund Audit Department

അനുബന്ധം - 1

(എ). സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാന്മാരുടെ പേരു വിവരം

1). ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

1). ശ്രീമതി. എം. ഇ. നൂർജഹാൻ - 01-04-2010 മുതൽ 30-09-2010 വരെ
2). ശ്രീമതി. റൈഹാന ബേബി - 24-11-2010 മുതൽ 31-03-2011 വരെ

2). വികസന കാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

1). ശ്രീ. കെ.എ. നാസർ - 01-04-2010 മുതൽ 30-09-2010 വരെ
2). ശ്രീമതി. കെ.കെ. സഫിയ - 24-11-2010 മുതൽ 31-03-2011 വരെ

3). ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

1). ശ്രീ. കെ. നജീബ് - 01-04-2010 മുതൽ 30-09-2010 വരെ
2). ശ്രീ. കെ.എ. നാസർ - 24-11-2010 മുതൽ 31-03-2011 വരെ

4). ആരോഗ്യ വിദ്യാഭ്യാസം സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ:

1). ശ്രീമതി. കെ. റൈഹാനത്ത് - 24-11-2010 മുതൽ 31-03-2011 വരെ

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)
മലപ്പുറം.

Local Fund Audit Department

അനുബന്ധം - ബി

ബി. **നിർവ്വഹണ ഉദ്യോഗസ്ഥരുടെ പേര്/കാലയളവ്**

1). അസിസ്റ്റന്റ് എഞ്ചിനീയർ

ശ്രീ. ഉമ്മർ .കെ. - 01-04-2010 മുതൽ 31-03-2011 വരെ

2). മെഡിക്കൽ ഓഫീസർ (അലോപ്പതി)

1). ഡോ. യു.ബാബു - 01-04-2010 മുതൽ 31-03-2011 വരെ

3). മെഡിക്കൽ ഓഫീസർ (ആയുർവേദം)

1). ഡോ. അബ്ദുൾഹമീദ്. വി.പി. - 01-04-2010 മുതൽ 31-03-2011 വരെ

4). മെഡിക്കൽ ഓഫീസർ (ഹോമിയോപ്പതി)

1). ഡോ. പ്രിയാ രാമൻ - 01-04-2010 മുതൽ 31-03-2011 വരെ

5). വി.ഇ.ഒ.

1). ശ്രീ. സുനിൽ രാജ്. വി.ബി. - 01-04-2010 മുതൽ 31-03-2011 വരെ

6). കൃഷി ഓഫീസർ:

1). ശ്രീമതി. ഗീത - 01-04-2010 മുതൽ 31-03-2011 വരെ

7). വെറ്ററിനറി സർജൻ

1). ഡോ. നൗഫൽ - 01-04-2010 മുതൽ 31-03-2011 വരെ

8). ഐ.സി.ഡി.എസ്. സൂപ്പർവൈസർ:

1). ശ്രീമതി. നുസൈബ. വി.ടി. - 01-04-2010 മുതൽ 08-11-2010 വരെ

2). ശ്രീമതി. ശാന്ത. കെ.പി. - 09-11-2010 മുതൽ 31-03-2011 വരെ

5). ഹെഡ്മിസ്ട്രസ്സ്:

1). ശ്രീമതി. മീനാകുമാരി - 01-04-2010 മുതൽ 31-03-2011 വരെ

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)
മലപ്പുറം.

എം.എ.11/13

Local Fund Audit Department

ഭരണഭാഷ-മലയാള ഭാഷ

എൽ.എഫ്.എം17/1170/2013

ലോക്കൽഫണ്ട് ഓഡിറ്റ് സീനിയർ
ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം,
മലപ്പുറം- 676 505,ഫോൺ: 0483 2734951
ഇ.മെയിൽ: ddlfampm@gmail.com
തിയ്യതി:17-07-2013

ഡെപ്യൂട്ടി ഡയറക്ടർ (ഹയർ ഗ്രേഡ്)
മലപ്പുറം.

പ്രസിഡന്റ് (സെക്രട്ടറി മുഖാന്തിരം)
കീഴുപറമ്പ് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം;- കീഴുപറമ്പ് ഗ്രാമപഞ്ചായത്ത് 2010-11 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം 13-ാം വകുപ്പ് 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) കേരള നഗരപാലിക നിയമം 295 (4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കീഴുപറമ്പ് ഗ്രാമപഞ്ചായത്തിൻെറ 2010-11 സാമ്പത്തിക വർഷങ്ങളിലെ വരവു ചെലവു കണക്കുകളുടെ പരിശോധന ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം (3)ലെ ഖണ്ഡികയിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം രേഖാമൂലം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിൻെറ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിൻെറയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിൻെറയും പകർപ്പ് പൊതുജന ശ്രദ്ധക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങൾ 14,15)

ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭയിൽ /വാർഡ് സഭയിൽ ചർച്ചചെയ്യേണ്ടതും അഭിപ്രായങ്ങളും ശുപാർശകളും നിർദ്ദേശങ്ങളും ശേഖരിക്കേണ്ടതുമാണ്. (പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 3(എ) (3)

Local Fund Audit Department

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23. 1997ലെ കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും-ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ,

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ,(ഹയർ ഗ്രേഡ്)
ലോക്കലഫണ്ട് ഓഡിറ്റ്, മലപ്പുറം

പകർപ്പ്:-

1. ഡയറക്ടർ, ലോക്കൽഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
3. പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ (അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത്, മലപ്പുറം.
4. ഓഫീസ് കോപ്പി.

Local Fund Audit Department

എം.എ.11/2013